## 92. കാക്ക

പ്രകൃതിനിരീക്ഷണം കാക്കനിരീക്ഷണത്തിൽനിന്നു തുടങ്ങാൻ നമ്മുടെ നാട്ടിൽ ധാരാളം സൗകര്യമുണ്ട്. ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നവർ ചുരുക്കമാണെന്നു മാത്രം.

കൊല്ലത്ത് ഞങ്ങൾ പാർക്കുന്ന വീടിന്റെ തൊടിയിൽ ഒരു മരത്തിൽ കഴിഞ്ഞ മൂന്നു വർഷമായി കാക്കകൾ കൂടുകൂട്ടി വരുന്നുണ്ട്. രണ്ടു വർഷം മുമ്പ്, ഈ കൂട്ടിൽനിന്നു മുട്ടവിരിഞ്ഞ് ഇറങ്ങിയ കുഞ്ഞുങ്ങളിൽ രണ്ടെണ്ണം കുയിലുകൾ ആയിരുന്നു. കാക്കക്കൂട്ടിൽ കുയിൽ മുട്ടയിടുമെന്നു കേട്ടിട്ടുണ്ടെങ്കിലും, അതു നേരിട്ട് എനിക്ക് അനുഭവപ്പെട്ടത് അന്നാണ്. കുഞ്ഞുങ്ങൾ പറന്നു തുടങ്ങിയപ്പോൾ, അവയുടെ പറക്കലിലെ പ്രത്യേകതയിൽനിന്നു തങ്ങൾക്കു പറ്റിയ അബദ്ധം കാക്കകൾക്കു മനസ്സിലായിരിക്കണം. കുയിൽക്കുട്ടികൾ കാക്കക്കൂട്ടിൽനിന്നു ബഹിഷ്കരിക്കപ്പെട്ടതോ, അവ സ്വയം കൂടു ബഹിഷ്കരിച്ചതോ എന്നറിവില്ല. ഞങ്ങളുടെ വീടിന്റെ മുൻവശത്തുള്ള മാവിന്റെ ഇലകൾക്കിടയിൽ കുറേ ദിവസത്തോളം ഈ കുയിൽക്കുട്ടികളെ കാണാമായിരുന്നു. കാക്കകൾ അവയെ വളരെയൊന്നും ദ്രോഹിച്ചില്ല. ആദ്യമാദ്യം രണ്ടു കുഞ്ഞുങ്ങളും ഒരുപോലെയിരുന്നു. പിന്നീട് ഒന്നിന്റെ കറുപ്പുനിറത്തിനു മിനുപ്പുവരുകയും മറ്റേതിന്റെ ശരീരത്തിൽ വെളുത്ത പുള്ളികൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. കറുത്തത് ആൺകുയിലും പുള്ളിയുള്ളതു പെൺകുയിലുമാണല്ലോ. ഇവ പിന്നീട് എങ്ങോട്ടുപോയി എന്ന് അറിഞ്ഞുകൂടാ.

കഴിഞ്ഞ വർഷം ഞങ്ങളുടെ—എന്നു പറയുക—കാക്കക്കൂട്ടിൽനിന്നു പുറത്തുവന്നതു കാക്കക്കുട്ടികൾതന്നെയായിരുന്നു. കൂടുവിട്ടു പുറത്തുവന്നു പറന്നു തുടങ്ങിയതിനുശേഷവും തള്ളക്കാക്ക—അതോ തന്തക്കാക്കയോ?—ഇവയുടെ വായിൽ തീറ്റ കൊണ്ടുക്കൊടുക്കുന്നതു കാണാറുണ്ട്. വിവാഹക്കാലത്ത്, തൂവലുകൾ വിടർത്തി ചില പ്രത്യേക ചേഷ്ടകൾ പ്രദർശിപ്പിക്കുന്ന അവസരത്തിൽ മാത്രമേ, ആൺകാക്കകളെ പെൺകാക്കകളിൽനിന്നു തിരിച്ചറിയാൻ എനിക്കു കഴിയാറുള്ളു. വിദഗ്ദ്ധരായ പക്ഷിനിരീക്ഷകർ ഒരുപക്ഷേ, മറ്റു കാലങ്ങളിലും കാക്കകളിൽ ഏത് ആണ് ഏതു പെണ്ണ് എന്നു വേർതിരിച്ചു മനസ്സിലാക്കുന്നുണ്ടാവണം.

ഞങ്ങളുടെ തൊടിയിലെ മരത്തിൽ കൂടുനിർമിക്കുവാൻ ഈയാണ്ടിൽ കാക്കകൾ ഉപയോഗപ്പെടുത്തിയതു മുഖ്യമായും ഇരുമ്പുകമ്പിക്കഷണങ്ങളായിരുന്നു. ഇത്രയധികം ഇരുമ്പുകമ്പിക്കഷണങ്ങൾ കാക്കകൾക്ക് എവിടെനിന്നു കിട്ടി എന്ന അത്ഭുതമായിരുന്നു ഞങ്ങൾക്ക്. ഇരുമ്പുകൊണ്ടു ബലത്തിൽ കൂടുണ്ടാക്കിയാൽ, അടുത്ത ആണ്ടിൽ ഈ പണി ആവത്തിക്കാതെ കഴിക്കാമെന്ന വിചാരം കാക്കകൾക്ക് ഉണ്ടായിരിക്കുമോ? ഏതായാലും ഉടക്കിനിൽക്കുന്നതിനു മരച്ചുള്ളികൾക്കുള്ളതുപോലെ കമ്പുകളും ചില്ലകളും ഇല്ലാത്തതിനാൽ ഇരുമ്പുകമ്പികൾ ഇളകി താഴെവീഴുക സാധാരണമായിരുന്നു. മരച്ചുവട്ടിൽ വീണു ചിതറിക്കിടക്കുന്ന ഈ കമ്പികൾ വളരെ ക്ഷമയോടെ കാക്കകൾ വീണ്ടും കൊത്തിയെടുത്തു മുകളിലേക്കു കൊണ്ടുപോയിക്കൊണ്ടിരുന്നു.

ഈ കാക്കകളെ ഞങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങിയിട്ടു രണ്ടു മൂന്നു വർഷങ്ങളായെങ്കിലും, അവ ഞങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങിയത് ഈയാണ്ടിൽ മാത്രമാണ്. ഭക്ഷണമുറിയിൽ, പുറത്തേക്കു തുറക്കുന്ന ജനലിന്റെ അരികിലാണ് എന്റെ ഇരിപ്പിടം. രാവിലെയും ഉച്ചയ്ക്കും ഞങ്ങൾ ഭക്ഷണം

കഴിക്കുമ്പോഴം, ഈ ജനലിന്റെ പുറത്തു് ഒരു കാക്ക വന്നിരിക്കാൻ തുടങ്ങി. കൂട്ടക്കൂട്ടന്ന തിരക്കിൽ, റോഡിൽ ഹോട്ടലിനു മുമ്പിലുള്ള കുപ്പത്തൊട്ടിയിൽ ഭക്ഷണം തിരയുവാൻ അതിനു സമയം കിട്ടാതെവന്നിരിക്കണം. ഒരു സ്പൂണിൽ അല്പം ചോറു് എടുത്തു ഞാൻ ജനലിന്റെ അപ്പുറത്തേക്കു നീട്ടിക്കൊടുത്തപ്പോഴം, പേടിച്ചും മടിച്ചുമാണെങ്കിലും കാക്ക ആ ആതിഥ്യം സ്വീകരിച്ചു. ക്രമേണ അതിഥിയുടെ പേടിയും മടിയും തീർന്നു. ഇപ്പോഴം എന്റെ കൈയിൽനിന്നു ഭക്ഷണം കൊത്തിയെടുക്കാൻ കാക്കയ്ക്കു് ഒരു പ്രയാസവുമില്ല. കൊത്തുന്നതാകട്ടെ കൈ നോവിക്കാതെ വളരെ ശ്രദ്ധിച്ചാണുതാനും. എന്റെ ജനലിനപ്പുറത്തു വന്നിരുന്നു ഭക്ഷണം കഴിക്കാൻ കാക്ക തന്റെ ഇണയേയും പരിശീലിപ്പിച്ചിട്ടുണ്ടു്. ഭക്ഷണകാര്യത്തിൽ സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ എന്തൊക്കെയാണെന്നും കാക്ക ഞങ്ങളെ അറിയിച്ചിരിക്കുന്നു. ഞങ്ങൾ കഴിക്കുന്ന സസ്യഭക്ഷണം, ഉത്തമമായല്ല, 'മദ്ധ്യമ'മായേ കാക്ക കണക്കാക്കിയിട്ടുള്ളു. മാംസമോ, മത്സ്യമോ കിട്ടാത്തതിനാൽ സസ്യഭക്ഷണംകൊണ്ടു താൻ തൃപ്തിപ്പെടുന്നു എന്ന മട്ടാണു് കാക്കയ്ക്കു്. ചോറിനേക്കാൾ കാക്കയ്ക്കു താല്പര്യം പലഹാരങ്ങളിലാണു്. റൊട്ടി ഇഷ്ടമാണു്. അതിനേക്കാൾ ഇഷ്ടമാണു് ഇഡ്ഡലി. പക്ഷേ, ദോശയുണ്ടെങ്കിൽ, അതുതന്നെ. 'നെയ്റോസ്റ്റ്' ആണെങ്കിൽ, കാക്കയ്ക്കു മറ്റൊന്നും വേണ്ട. കാച്ചിയ പപ്പടത്തോടു പ്രത്യേകമായ മമത അതിനുണ്ടു്.

ഇപ്പോഴിപ്പോൾ, ഞങ്ങൾ ഭക്ഷണത്തിനിരിക്കുംമുമ്പുതന്നെ കാക്ക ജനലിനപ്പുറത്തുവന്നു്, താൻ ഭക്ഷണത്തിനൊരുങ്ങിയ വിവരം ഞങ്ങളെ അറിയിക്കാറുണ്ടു്. കാക്ക വരുന്നതു ഞങ്ങൾ ശ്രദ്ധിച്ചില്ലെങ്കിൽ, തനിക്കറിയാവുന്ന ഭാഷ ഉപയോഗിച്ചു് കാക്ക ഞങ്ങളെ വിളിക്കും. ജനൽ അടച്ചിട്ടിരുന്നാൽ അതിന്റെ ചില്ലിൽ കൊത്തി താൻ വന്ന വിവരം കാക്ക പ്രഖ്യാപിക്കും.

ഇതെഴുതുമ്പോഴും ഞങ്ങളുടെ കാക്കകളുടെ കൂടു ഭംഗിയാക്കുന്ന ജോലി അവസാനിച്ചിട്ടില്ല. അവയിലൊന്നു് ഇന്നും ഒരു ഇരുമ്പുകമ്പി കൊത്തിക്കൊണ്ടു വരുന്നതു കാണുകയുണ്ടായി. അതിനിടെ, ഇന്നു രാവിലെ രണ്ടു കുയിലുകളുടെ ബഹളം പിൻവശത്തെ തൊടിയിൽനിന്നു കേട്ടു. മുട്ടയിടാൻ പെൺകുയിലിനു ധൃതിയായിട്ടുണ്ടാവണം. പക്ഷേ, പ്രസവാസ്പത്രി ഒരുങ്ങിക്കഴിഞ്ഞിട്ടില്ല!

ലോറികളിൽ കയറിയിരുന്നു് കാക്കകൾ സവാരിചെയ്യുന്നതു പലേടത്തും ഞാൻ കണ്ടിട്ടുണ്ടു്. കോഴിക്കോട്ടു് വെസ്റ്റ് ഹില്ലിലുള്ള വെയർഹൗസിൽനിന്നു് വലിയങ്ങാടിയിലേക്കു് അരി കൊണ്ടുപോകുന്ന ലോറികളുടെ മുകളിൽ ഇരുന്നു്, ചാക്കു തുളച്ചു് അരി മോഷ്ടിക്കുന്ന കാക്കകളെ പണ്ടു ഞാൻ ശ്രദ്ധിച്ചു പഠിച്ചിട്ടുണ്ടു്. ഒരു നിശ്ചിത സ്ഥലംവരെ മാത്രമേ ഇവ ലോറികളിൽ സവാരിചെയ്യുകയുള്ളു എന്നു് അന്നു ഞാൻ മനസ്സിലാക്കി. തങ്ങളുടെ അതിർത്തിയിൽ ലോറി എത്തേണ്ട താമസം, ഇവ പറന്നിറങ്ങുന്നു. പകരം ആ പ്രദേശത്തുള്ള കാക്കകൾ അവയിൽ കയറിപ്പറ്റുകയുംചെയ്യുന്നു. ലോറികളിൽ, ഏതായാലും, എപ്പോഴും നിറയെ കാക്കകൾ കാണും.

വാഹനങ്ങളിൽ കയറി ഇങ്ങനെ ആഭ്യന്തരസഞ്ചാരം നിർവഹിക്കുന്നതിനു പുറമേ, കാക്കകൾ കപ്പലുകളിൽ കയറി വിദേശപര്യടനം നടത്തുകയും, ദ്വീപാന്തരങ്ങളിൽ കുടിയേറിപ്പാർക്കുകയുംചെയ്യുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കിയതു് ഈയിടെ മാത്രമാണു്.

ഇന്ത്യാസമുദ്രത്തിൽ മഡഗാസ്കറിനു വടക്കു കിടക്കുന്ന സെയ്ഷെത്സ് ദ്വീപുകളിൽ കുടിയേറിപ്പാർത്ത ഇന്ത്യൻ കാക്കകൾ ആ ദ്വീപസമൂഹത്തിലെ ജന്തു—സസ്യ വ്യൂഹത്തിനു് ഒരു ഭീഷണിയായിത്തീർന്നിരിക്കുകയാ

ണെന്ന് 'ന്യൂസയൻറിസ്റ്റ്' എന്ന ബ്രിട്ടീഷ് ശാസ്ത്രമാസിക പറയുന്നു. ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് 1976–ൽ മാത്രം സ്വാതന്ത്ര്യം നേടിയ ഈ കോമൺവെൽത്ത് രാഷ്ട്രത്തിൽ നൂററിപ്പത്തുണ്ട് ദ്വീപുകളുണ്ടെങ്കിലും, അവയുടെ ആകെ വിസ്താരം നൂററമ്പത്താറ് ചതുരശ്രമൈലും, ആകെ ജനസംഖ്യ, 1981–ൽ അറുപത്തിനാലായിരവും മാത്രമാണ്.

നമ്മുടെ ലക്ഷദ്വീപുകളുടെ കൂട്ടത്തിൽ, മനുഷ്യവാസമില്ലാത്ത 'പിട്ടി' എന്ന ഒരു പക്ഷിദ്വീപുണ്ടല്ലോ. സെയ്ഷെൽസിലുമുണ്ട് ഇത്തരം ചില പക്ഷിദ്വീപുകൾ. ഈ ദ്വീപുകളിലും, മനുഷ്യവാസമുള്ള മററു ദ്വീപുകളിലും, കൂട്ടുകൂട്ടി (ചിലപ്പോൾ നിലത്തും) മുട്ടയിട്ടു കുഞ്ഞു വിരിയിക്കുന്ന പക്ഷികൾക്ക്, അവിടെ നിയമവിരുദ്ധമായി കുടിയേറിപ്പാർത്ത ഇന്ത്യൻ കാക്കകൾ കടുത്ത നാശം വരുത്താൻ സാദ്ധ്യതയുണ്ടത്രേ. ഇന്ത്യൻ കാക്കകൾ ചെന്നുപററിയ കിഴക്കേ ആഫ്രിക്കയിലെ പല സ്ഥലങ്ങളിലും, പണ്ടുമുതൽ അവിടെ പാർത്തുപോന്ന പല പക്ഷിവർഗങ്ങളും കുററിയററു പോയിട്ടുണ്ട്. ഒരു ഉദാഹരണമാണ് കെനിയയിലെ മൊംബാസ ദ്വീപ്. അവിടെ ആദ്യമായി ഇന്ത്യൻ കാക്ക ചെന്നുപാർപ്പുറപ്പിച്ചത് ആയിരത്തിത്തൊള്ളായിരത്തി നാല്പത്തേഴിലാണത്രേ.

'ഇന്ത്യൻ' എന്ന വിശേഷണം ചേർത്തെങ്കിലും, ഇതേ കാക്ക പാകിസ്ഥാനിലും ശ്രീലങ്കയിലും ബർമയിലും തയ്ലൻഡിലുമുണ്ട്. കടൽക്കാക്കകളും മററും ചെയ്യുന്നതുപോലെ സ്വന്തം ചിറകുകളിൽ കടൽ മുറിച്ചു പറന്നല്ല, മനുഷ്യരേപ്പോലെ കപ്പലുകളിൽ കയറിയാണ് ഇന്ത്യൻ കാക്ക ദ്വീപാന്തരങ്ങളിൽച്ചെന്നെത്തുന്നത്. ഇന്ത്യൻ തുറമുഖങ്ങളിൽ ഒരു കപ്പൽ എത്തി നങ്കൂരമിട്ടാൽ, കപ്പലിൽനിന്നു കിട്ടാവുന്ന ഭക്ഷ്യപദാർത്ഥങ്ങളിൽ നോട്ടമിട്ട് കാക്കകൾ പരിസരത്തിൽ വന്നുകൂടും. അങ്ങനെ കപ്പലുമായി പരിചയപ്പെട്ട കാക്കകൾ, വേണ്ടത്ര ഭക്ഷണം കിട്ടുമെങ്കിൽ, കപ്പലിൽക്കയറി കടലിൽ യാത്രചെയ്യുന്നു. പതിനഞ്ചു ദിവസത്തിലേറെ ഒരേ കപ്പലിൽ കാക്കകൾ യാത്രചെയ്തതു രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ കാക്കകൾ ആസ്ട്രേലിയയിൽ ഇങ്ങനെ ചെന്നെത്തിയതായും അറിവായിട്ടുണ്ട്.

കരിങ്കൽ ദ്വീപുകളും പവിഴദ്വീപുകളും അടങ്ങിയതാണ് സെയ്ഷൽസ് ദ്വീപസമൂഹം. കരിങ്കൽദ്വീപുകളിലൊന്നായ 'മാഹി'യിലാണ തലസ്ഥാനമായ 'വിക്ടോറിയ' നഗരം. ഇവിടെ, ഒരു ഇന്ത്യൻ ചരക്കു കപ്പലിൽ കയറി അഞ്ചു കാക്കകൾ ആദ്യമായി വന്നതു് 1977–ൽ ആയിരുന്നുവത്രേ. ഇവയിൽ രണ്ടെണ്ണത്തെ അന്നുതന്നെ വെടിവെച്ചു കൊന്നു; മൂന്നെണ്ണം രക്ഷപ്പെട്ടു. ഈ ആദിപിതാക്കളാണ് സെയ്ഷൽസിൽ ഇന്ത്യൻ കാക്കകളുടെ വംശം സ്ഥാപിച്ചതു്. പോലീസുകാർ പിന്നെയും ഒമ്പതു കാക്കകളെ കൊന്നെങ്കിലും, ഇരുപത്തഞ്ചെണ്ണം ഇപ്പോൾ മാഹിദ്വീപിലുണ്ട്. പതിനയ്യായിരം ജനങ്ങൾമാത്രം പാർക്കുന്ന മാഹിദ്വീപിലെ പക്ഷിവർഗത്തെയാകെ ഈ കാക്കകൾ നശിപ്പിച്ചേക്കുമോ എന്നാണ് സെയ്ഷെൽസിലെ ദേശീയ വികസന മന്ത്രാലയത്തിൻെറ ഭയം.

കാക്കകൾക്കു പുറമെ, മൈനകളും കൊററികളും ഇന്ത്യയിൽനിന്നു കപ്പലുകളിൽ കയറിത്തന്നെ, സെയ്ഷെൽസിൽ ചെന്നു പാർപ്പുറപ്പിച്ചിട്ടുണ്ട്. ഇവയെക്കൊണ്ട് ആ നാട്ടിലെ പക്ഷികൾക്ക് ഉപദ്രവമൊന്നുമില്ല. തങ്ങൾ കുടിയേറിയ നാടുകളിൽ മൈനകളും കൊററികളും നല്ല അഭിപ്രായമാണു സൃഷ്ടിച്ചിട്ടുള്ളതു്. അവ 'അതിബുദ്ധിശാലികളും, പുതിയ പരിസരവുമായി ഒത്തിണങ്ങിപ്പോകുന്നവയും, ആ നാട്ടിലെ പക്ഷികളുമായി ധാരാളം സംവാദത്തിലേർപ്പെടുന്നവയും, അതേസമയം തങ്ങളുടെ പാർപ്പിടങ്ങളിൽ അന്യർ വന്നു പാർക്കുന്നതിനെ ചെറുക്കുന്നവയും' ആണത്രേ. അവയെ നശിപ്പിക്കാൻ ആർക്കും പദ്ധതിയില്ല.

കെനിയയിലെ മൊംബാസ എന്ന ദ്വീപിൽ ഇന്ത്യൻ കാക്കകൾ ചെന്നെത്തിയതു് മുപ്പത്തൊമ്പതു വർഷംമുമ്പു മാത്രമാണ് എന്നു പറഞ്ഞുവല്ലോ. അവിടെ ഇപ്പോൾ രണ്ടു ലക്ഷത്തോളം കാക്കകളുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. സുരക്ഷിതമായ താവളം കിട്ടിയാൽ ഏതാനും വർഷത്തിനകം ഇന്ത്യൻകാക്കകൾ ഏതു നാട്ടിലും ഒരു ബാധയായിത്തീരാമെന്നതിനു് മൊംബാസയിലെ കാക്കകൾ മികച്ച ഉദാഹരണമാണ്. മൊംബാസയിലെ കാക്കകൾ അവിടത്തെ പക്ഷികളെ മാത്രമല്ല നശിപ്പിക്കുന്നതു്. കരയിലും കടൽവക്കിലും പാർക്കുന്ന പല ജീവജാലങ്ങളെയും അവ കൊന്നൊടുക്കുന്നു. കുപ്പ ചികയുന്ന സ്വഭാവം നിമിത്തം കാക്ക ഒരു പൊതുജനാരോഗ്യ ഭീഷണികൂടിയാണെന്നു മറുനാട്ടുകാർ കരുതുന്നു.

മൊംബാസയിലെ കാക്കവർദ്ധന കണ്ടു ഭയന്നു സെയ്ഷെൽസുകാർ ഒരു കാക്കനശീകരണപരിപാടി ആരംഭിച്ചിരിക്കുകയാണ്. വെടിവെച്ചും, വിഷം കൊടുത്തും, കെണികളിൽ കുടുക്കിയും കാക്കകളെ കൊന്നൊടുക്കാനാണ് അവരുടെ ശ്രമം.

പക്ഷേ, സൂത്രശാലിയായ കാക്ക ഈ സംഹാരപരിപാടികളെ മുഴുവൻ അതിജീവിച്ചേക്കുമോ എന്ന ഭയവും സെയ്ഷെൽസ്കാർക്കു് ഇല്ലാതില്ല.

ഇത്രയും വായിച്ചശേഷം, കാക്കയോടുള്ള ബഹുമാനം നിങ്ങൾക്കു കൂടിയോ, കുറഞ്ഞുവോ? എനിക്കാണെങ്കിൽ, മുമ്പേ കാക്കയോടു തോന്നിയിരുന്ന ആരാധന വർദ്ധിക്കുകയാണുണ്ടായതു് എന്നതിനു് ഈ കുറിപ്പു തന്നെ തെളിവ്!

(23 നവംബർ, 1986)

# 93. 'പാററ' അല്ലെങ്കിൽ 'ക്കുറ'

സാധനത്തെ കണ്ടാൽ തിരിച്ചറിയാത്തവർ കേരളത്തിൽ ഉണ്ടാവില്ല. പക്ഷേ, പേരു പറഞ്ഞാൽ സംശയം തുടങ്ങുകയായി. 'പാററ' എന്നാണു് തെക്കൻ കേരളത്തിൽ പ്രചാരമുള്ള പദം. പക്ഷേ, ഈ പേരുകൊണ്ടു് വടക്കൻകേരളത്തിലുള്ളവർ നിർദേശിക്കുന്നതു് തെക്കൻ കേരളത്തിൽ 'പക്കി' എന്ന പദംകൊണ്ടു നിർദേശിക്കപ്പെടുന്ന ശലഭവർഗത്തെയാണു്. 'ക്കുറ' എന്ന വടക്കൻകേരളത്തിൽ പ്രചാരമുള്ള, പദമാകട്ടെ, തെക്കൻ കേരളത്തിൽ ലുപ്തപ്രചാരം (ഖിലം) ആയിരിക്കുന്നു. തെക്കൻ കേരളത്തിൽ കുട്ടികൾ ആ വാക്കിൻെറ അർത്ഥം പറയാൻ കുഴങ്ങും; മലയാളം അദ്ധ്യാപകരാകട്ടെ, തുണി എന്നോ വസ്ത്രം എന്നോ അർത്ഥം അതിനു പറഞ്ഞുവെന്നുംവരും. ഇതൊക്കെ വിചാരിച്ചായിരിക്കാം കേരളത്തിൻെറ നടുവിലുള്ളവർ 'ക്കുറാൻ' എന്ന പേരിൽ ഈ ജീവിയെ വ്യവഹരിക്കുന്നതു്. എന്നാൽ, ഈ പ്രാദേശികരൂപഭേദത്തിനു് തൃശ്ശൂരിലും പരിസരങ്ങളിലും മാത്രമേ പ്രചാരമുള്ളൂ. കേരളത്തിൻെറ തെക്കും നടുക്കും വടക്കും ഒരുപോലെ ധാരാളം കാണുന്ന 'ഇംഗ്ളീഷ് മീഡിയം' കുട്ടികൾക്കു്, പക്ഷേ, ഒരു സംശയവുമില്ല. ജീവിയെ ചൂണ്ടി അതെന്തെന്നു ചോദിച്ചാലുടൻ അവർ പറയും: 'കോക്രോച്ച്!'

പറഞ്ഞുവരുന്നതു് എന്തിനെപ്പററിയാണെന്നു് ഇപ്പോൾ വ്യക്തമായല്ലോ. നമ്മുടെ എല്ലാവരുടെയും വീടുകളിൽ, നമ്മുടെ ആരുടെയും സമ്മതം വാങ്ങാതെ, ക്കുറ താമസിക്കുകയും പെററുപെരുകുകയുംചെയ്യുന്നു. മിക്ക വീട്ടമ്മമാർക്കും ക്കുറയെ വെറുപ്പാണു്; ചിലർക്കു ഭയവുമാണു്.